## പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 144

26.09.2011-ൽ മറുപടിയ്ക്കുണ്ടായിരുന്നത്.

### സാമ്പത്തിക ഇടപാട് തട്ടിപ്പ് കേസ്സുകളുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ രാജേഷ്. | ശ്രീ.ഉമ്മൻ ചാണ്ടി. (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന സാമ്പത്തിക ഇടപാടുകളിലെ തട്ടിപ്പും വഞ്ചനയും സംബന്ധിച്ച കേസുകൾ എത്ര;അവ ഏതെല്ലാം; | (എ) 1434 കേസുകൾ നിലവിലുണ്ട്. വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ബി) ഈ കേസുകളിൽ സി.ബി.സി. ഐ.ഡി (ഇക്കണോമിക് ഒഫെൻസ് വിംഗ്) യ്ക്ക് കൈ മാറിയ കേസുകൾ എത്ര; കൈ മാറാത്തവ എത്ര; അവ ഏതെല്ലാം; | (ബി) സി.ബി.സി.ഐ.ഡി-യ്ക്ക് 458 കേസുകൾ കൈമാറിയിട്ടുണ്ട്. 976 കേസുകൾ കൈമാറിയിട്ടില്ല. വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) പോലീസ് ആസ്ഥാനത്തെ സൈബർ സെല്ലുകളും, ഹൈടെക് സെല്ലും വഴി തട്ടിപ്പുകാരെക്കുറിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അത് വഴി ഏതെല്ലാം തട്ടിപ്പ് കേസുകൾ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങൾ പുറത്തു കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട് ; | (സി) ഉണ്ട്. ഇത് സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി 10 പരാതികളിന്മേൽ ആരോപിതകുറ്റം കണ്ടെത്തുകയും അത് പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് തുടർ അന്വേഷണത്തിനും, മറ്റ് നടപടികൾക്കുമായി ഹൈടെക് സെല്ലിൽ നിന്നും അന്വേഷണറിപ്പോർട്ട് അയച്ച് കൊടുത്തിട്ടുണ്ട്. അന്വേഷണത്തിൽ വിവിധ വ്യാജ സ്ഥാപനങ്ങൾ സൃഷ്ടിച്ച് മൊബൈൽ ഓൺലൈനായും, ഓൺലൈൻ ബാങ്കിംഗ് വഴിയും, സാമ്പത്തിക സ്ഥാപനങ്ങളിലെ അനധികൃത അക്കൗണ്ടുകൾ ഉപയോഗിച്ച് കൊണ്ടും സാമ്പത്തിക തട്ടിപ്പുകൾ നടത്തിയത് വെളിവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ എല്ലാമായി എത്രപേർ ഇതിനകം അറസ്റ്റ് ചെയ്യപ്പെടുകയുണ്ടായി ഇനിയും അറസ്റ്റ് ചെയ്യപ്പെ ടാനുള്ളവർ എത്ര; അവർ ആരൊക്കെ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | ഇതിനകം 1068 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2527 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ട്, ഇവരുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

17/07/2014

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**